©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 22nd August 2011<br>2011 ആഗസ്റ്റ് 22<br>31st Sravana 1933<br>1933 ശ്രാവണം 31 | No. നമ്പർ 1604 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 116/2011/LBR. *Dated, Thiruvananthapuram, 9th August, 2011.*

**S. R. O. No. 517/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 25209/E1/2006/LBR dated 20th January, 2011 in the Kerala Gazette Extraordinary No. 122 dated 21st January, 2011 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wags Advisory Board constituted under section 7 of the said Act, hereby fix the minium rates of wages payable to the employees employed in the Sector of 'Employment in Plastic Industry' in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

33/3142/2011/DTP.

SCHEDULE

## I. **Basic Wages**

| *Sl. No.* | *Category/work* | *Monthly Basic Wages* |
|---|---|---|
| (1) | (2) | (3) |
| | GROUP A | |
| 1 | Manager | ₹ 5810 |
| 2 | Chief Accountants | |
| 3 | Accounts Officer | |
| | GROUP B | |
| 1 | Assistant Manager | ₹ 5280 |
| 2 | Plant Superintendent | |
| 3 | General Supervisor | |
| 4 | Quality Controller | |
| 5 | Front Office Manager | |
| | GROUP C | |
| 1 | Supervisor | ₹ 4800 |
| 2 | Marketing Executive | |
| 3 | Sales Executive | |
| | GROUP D | |
| 1 | Dye-maker | ₹ 4570 |
| 2 | Extruder Operator | |
| 3 | Technician | |
| 4 | Machine Operator | |
| | GROUP E | |
| 1 | Operator | ₹ 4360 |
| 2 | Machine Operator | |
| 3 | Plant Operator | |
| 4 | Loom Operator | |
| 5 | Molder | |
| 6 | Accountant | |

| (1) | (2) | (3) |
|---|---|---|
| | GROUP F | |
| 1 | Assistant Operator | ₹ 4150 |
| 2 | Embosser | |
| 3 | Laminating Worker | |
| 4 | Screen Printer | |
| 5 | Printing Assistant | |
| 6 | Sticher | |
| 7 | Finishing Assistant | |
| 8 | Cutter | |
| 9 | Cashier | |
| 10 | Clerk | |
| 11 | Computer Operator | |
| 12 | Typist | |
| 13 | Personal Assistant | |
| 14 | Office Assistant | |
| 15 | Accounts Assistant | |
| 16 | Marketing Assistant | |
| 17 | Export Assistant | |
| 18 | Front Office Assistant | |
| 19 | Receptionist | |
| 20 | Telephone Operator | |
| 21 | Store Keeper | |
| 22 | Driver | |
| | GROUP G | |
| 1 | General Worker | ₹ 4080 |
| 2 | Factory Assistant | |
| 3 | Production Worker | |
| 4 | Production Helper | |
| 5 | Casting Worker | |
| 6 | Painting Worker | |
| 7 | Skilled Helper | |
| | GROUP H | |
| 1 | Packer | ₹ 3990 |
| 2 | Helper | |
| 3 | Attender, Peon | |
| 4 | Watchman | |
| 5 | Security Guard | |

| (1) | (2) | (3) |
|---|---|---|
| | GROUP I | |
| 1 | Cleaner | ₹ 3990 |
| 2 | Sweeper | |

**II. Dearness Allowance**

In addition to the basic rate of wages, the employees shall be eligible for Dearness Allowncce at the rate of ₹ 23.40 (Rupees twenty three and Forty paise) for every increase of one point above 130 points (new Series 1998-99=100) of the Consumer Price Index Numbers published by the Department of Economics and Statistics for concerned District Headqurters.

For Idukki and Wayanad District Headquarters, till the publication of separate Consumer Price Index Number, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

**III. Service Weightage**

The employees who have completed not less than five years continues service in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage at the rate of one per cent of the basic wages at the revised rate for every completed year of service subject to a maximum of fifteen percentage, including the basic wages.

**IV. Protection for Higher Wages**

In case the employees of any establishment/Industry are at present getting higher wages than the minium wages fixed as per this notification, they shall be entitled to get such higher rates.

**V. Similar Posts**

In case any post/category is not included in the schedule above shall be eligible for the basic wages prescribed for equivalent post/category.

**VI. Daily Wages**

The daily rate in respect of the category of employees for whom monthly rate is fixed in this notification may be calculated by dividing the monthly rate by 26.

By order of the Governor,

ANIL, X.,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 25209/E1/2006/LBR dated 20th January, 2011 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consulation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in Plastic Industry in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 116/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

**എസ്. ആർ. ഒ. നമ്പർ 517/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ജനുവരി 21-ാം തീയതിയിലെ 122-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ജനുവരി 20-ാം തീയതിയിലെ 25209/ഇ1/2006/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിന് ശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ "പ്ലാസ്റ്റിക് വ്യവസായ തൊഴിൽ" മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### I. പ്രതിമാസ അടിസ്ഥാന വേതനം

| ക്രമ നമ്പർ | വിഭാഗം/ജോലി | പ്രതിമാസ അടിസ്ഥാന മാസ വേതനം |
|---|---|---|
| (1) | (2) | (3) |
| | ഗ്രൂപ്പ് എ | |
| 1 | മാനേജർ | ₹ 5810 |
| 2 | ചീഫ് അക്കൗണ്ടന്റ് | |
| 3 | അക്കൗണ്ട്സ് ഓഫീസർ | |
| | ഗ്രൂപ്പ് ബി | |
| 1 | അസിസ്റ്റന്റ് മാനേജർ | ₹ 5280 |
| 2 | പ്ലാന്റ് സൂപ്രണ്ട് | |
| 3 | ജനറൽ സൂപ്പർവൈസർ | |
| 4 | ക്വാളിറ്റി കൺട്രോളർ | |
| 5 | ഫ്രണ്ട് ഓഫീസ് മാനേജർ | |
| | ഗ്രൂപ്പ് സി | |
| 1 | സൂപ്പർ വൈസർ | ₹ 4800 |
| 2 | മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് | |
| 3 | സെയിൽസ് എക്സിക്യൂട്ടീവ് | |
| | ഗ്രൂപ്പ് ഡി | |
| 1 | ഡൈ മെയ്ക്കർ | ₹ 4570 |
| 2 | എക്സ്ട്രൂഡർ ഓപ്പറേറ്റർ | |
| 3 | ടെക്നീഷ്യൻ | |
| 4 | മെഷീൻ ഓപ്പറേറ്റർ | |
| | ഗ്രൂപ്പ് ഇ | |
| 1 | ഓപ്പറേറ്റർ | ₹ 4360 |
| 2 | മെഷീൻ ഓപ്പറേറ്റർ | |
| 3 | പ്ലാന്റ് ഓപ്പറേറ്റർ | |
| 4 | ലൂം ഓപ്പറേറ്റർ | |
| 5 | മോൾഡർ | |
| 6 | അക്കൗണ്ടന്റ് | |

| (1) | (2) | (3) |
|---|---|---|
| | ഗ്രൂപ്പ് എഫ് | |
| 1 | അസിസ്റ്റന്റ് ഓപ്പറേറ്റർ | ₹ 4150 |
| 2 | എംബോസർ | |
| 3 | ലാമിനേറ്റിംഗ് വർക്കർ | |
| 4 | സ്ക്രീൻ പ്രിന്റർ | |
| 5 | പ്രിന്റിംഗ് അസിസ്റ്റന്റ് | |
| 6 | സ്റ്റിച്ചർ | |
| 7 | ഫിനിഷിംഗ് അസിസ്റ്റന്റ്, കട്ടർ | |
| 8 | കാഷ്യർ, ക്ലാർക്ക് | |
| 9 | കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ് | |
| 10 | പേഴ്സണൽ അസിസ്റ്റന്റ് | |
| 11 | ഓഫീസ് അസിസ്റ്റന്റ് | |
| 12 | അക്കൗണ്ട്സ് അസിസ്റ്റന്റ് | |
| 13 | മാർക്കറ്റിംഗ് അസിസ്റ്റന്റ് | |
| 14 | എക്സ്പോർട്ട് അസിസ്റ്റന്റ് | |
| 15 | ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് | |
| 16 | റിസപ്ഷനിസ്റ്റ്, ടെലിഫോൺ ഓപ്പറേറ്റർ | |
| 17 | സ്റ്റോർ കീപ്പർ, ഡ്രൈവർ | |
| | ഗ്രൂപ്പ് ജി | |
| 1 | ജനറൽ വർക്കർ | ₹ 4080 |
| 2 | ഫാക്ടറി അസിസ്റ്റന്റ് | |
| 3 | പ്രൊഡക്ഷൻ വർക്കർ | |
| 4 | പ്രൊഡക്ഷൻ ഹെൽപ്പർ | |
| 5 | കാസ്റ്റിംഗ് വർക്കർ | |
| 6 | പെയ്ന്റിംഗ് വർക്കർ | |
| 7 | സ്കിൽഡ് ഹെൽപ്പർ | |
| | ഗ്രൂപ്പ് എച്ച് | |
| 1 | പാക്കർ | ₹ 3990 |
| 2 | ഹെൽപ്പർ | |
| 3 | അറ്റന്റർ, പ്യൂൺ | |
| 4 | വാച്ച്മാൻ | |
| 5 | സെക്യൂരിറ്റി ഗാർഡ് | |

| (1) | (2) | (3) |
|---|---|---|
| ഗ്രൂപ്പ് ഐ | | |
| 1 ക്ലീനർ | | ₹ 3900 |
| 2 സ്വീപ്പർ, | | |

II. **ക്ഷാമബത്ത**

(1) മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ എല്ലാ വിഭാഗം ജീവനക്കാർക്കും സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ കേന്ദ്രത്തിനുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃ വില സൂചികയുടെ 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം ₹ 23 40 (ഇരുപത്തി മൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(2) ഇടുക്കി, വയനാട് ജില്ലാ ആസ്ഥാനങ്ങൾക്ക് പ്രത്യേക ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നതുവരെ പ്രസ്തുത ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്ക് വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

III. **സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു സ്ഥാപനത്തിൽ/ഒരു തൊഴിലുടമയുടെ കീഴിൽ അഞ്ചുവർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനകാലയളവിനും പുതുക്കിയ നിരക്കിലുള്ള അടിസ്ഥാന വേതനത്തിന്റെ 1 ശതമാനം വീതം പരമാവധി 15 ശതമാനം എന്ന പരിധിയിൽ അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് നൽകേണ്ടതാണ്.

IV. **ഉയർന്ന വേതനത്തിന് സംരക്ഷണം**

ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിലോ/വ്യവസായത്തിലോ ജീവനക്കാർക്ക് നിലവിൽ ലഭിച്ചുവരുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർക്ക് അപ്രകാരമുള്ള ഉയർന്ന നിരക്കിന് അർഹതയുണ്ട്.

V. **ഉൾപ്പെടാത്ത തസ്തിക**

മുകളിൽ കാണിച്ചിട്ടുള്ള പട്ടിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും തസ്തിക/വിഭാഗത്തിന് സമാന തസ്തിക വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

VI. ദിവസ വേതനം

ഈ വിജ്ഞാപനപ്രകാരം മാസനിരക്ക് നിശ്ചയിച്ചിട്ടുള്ള ജീവനക്കാരുടെ ദിവസ നിരക്ക് മാസ നിരക്കിനെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "പ്ലാസ്റ്റിക് വ്യവസായ തൊഴിൽ" മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ജനുവരി 20-ാം തീയതിയിലെ 25209/ഇ1/2006/തൊഴിൽ നമ്പർ പ്രഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിന് ശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/3142/11